**15 -ാം കേരള നിയമസഭ**

**1 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 363** **08-06-2021 - ൽ മറുപടിയ്ക്ക്**

**സർക്കാർ ജീവനക്കാരുടെയും പെൻഷൻകാരുടെയും ആരോഗ്യ ഇൻഷുറൻസ് പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ഡോ. മാത്യു കുഴൽനാടൻ | | **Shri K N Balagopal**<br>**(ധനകാര്യ വകുപ്പ് മന്ത്രി)** | |
| (എ) | 2019 ഏപ്രിലിൽ നടപ്പിൽ വരുത്തുമെന്ന് മുൻ സർക്കാരിന്റെ കാലത്ത് പ്രഖ്യാപിച്ച സംസ്ഥാന സർക്കാർ ജീവനക്കാരുടെയും പെൻഷൻകാരുടെയും ആരോഗ്യ ഇൻഷുറൻസ് പദ്ധതിയുടെ നിലവിലെ സ്ഥിതി വിശദമാക്കുമോ; | (എ) | സംസ്ഥാന സർക്കാർ ജീവനക്കാർക്കും പെൻഷൻകാർക്കുമായി മുൻ സർക്കാരിന്റെ കാലത്ത് പ്രഖ്യാപിച്ച് നടപ്പിലാക്കുന്ന ആരോഗ്യ ഇൻഷുറൻസ് പദ്ധതിയുടെ പുതുക്കിയ Request For Proposal (RFP) 22.01.2021-ൽ പ്രസിദ്ധീകരിക്കുകയും റീ-ടെൻഡർ നടപടികൾ ആരംഭിക്കുകയും ചെയ്തു. റീ-ടെൻഡർ നടപടികളിൽ പങ്കെടുത്ത നാല് ഇൻഷുറൻസ് കമ്പനികളുടേയും ധനകാര്യ ബിഡ് (financial bid) പരിഗണിക്കുന്നതിനു വേണ്ടി ടി കമ്പനികൾ സമർപ്പിച്ചിരുന്ന സാങ്കേതിക ബിഡ്ഡുകൾ (technical bids) Technical Evaluation Committee പരിശോധിച്ച് അംഗീകരിച്ചിരുന്നു. പിന്നീട് അഡ്വക്കേറ്റ് ജനറൽ കേരളയുടെ നിയമോപദേശത്തിന്റെ അടിസ്ഥാനത്തിൽ Request For Proposal (RFP)യിൽ ഉൾപ്പെടുത്തിയ പ്രത്യേക വ്യവസ്ഥക്കെതിരെ (Special Clause) റിലയൻസ് ജനറൽ ഇൻഷുറൻസ് കമ്പനി ബഹു. ഹൈകോടതിക്ക് മുൻപാകെ റിട്ട് പെറ്റീഷൻ (Writ Petition) ഫയൽ ചെയ്തിരുന്നുവെങ്കിലും ആയത് തള്ളിക്കളഞ്ഞു കൊണ്ട് വിധി വന്നതിന്റെ അടിസ്ഥാനത്തിൽ ധനകാര്യ ബിഡ് 07.04.2021-ൽ തുറന്നിരുന്നു. എന്നാൽ ടി വിധിക്കെതിരെ റിലയൻസ് കമ്പനി അപ്പീൽ ഫയൽ ചെയ്യുകയും ആയതിന്മേലുള്ള ഇടക്കാല ഉത്തരവ് പ്രകാരം അപ്പീലിന്മേലുള്ള അന്തിമ വിധിക്ക് വിധേയമായി മാത്രമേ ടെൻഡർ നടപടികൾ പൂർത്തീകരിക്കുവാൻ പാടുള്ളു എന്ന് വ്യവസ്ഥ ചെയ്തിരിക്കുന്ന സാഹചര്യത്തിൽ ധനകാര്യ ബിഡിൽ യോഗ്യത നേടിയ ഇൻഷുറൻസ് കമ്പനിയെ പ്രഖ്യാപിക്കുവാനോ തുടർ നടപടികൾ സ്വീകരിക്കുവാനോ കഴിഞ്ഞിട്ടില്ല. ടി അപ്പീലിനെതിരെ നിയമ നടപടികൾ സ്വീകരിച്ചു വരുന്നു. |

| | | | |
|---|---|---|---|
| (ബി) | ഈ പദ്ധതി നടപ്പിലാക്കുന്നതിന് വേണ്ടി വീണ്ടും ടെൻഡർ ക്ഷണിച്ചിട്ടുണ്ടോ; എങ്കിൽ ഏതൊക്കെ കമ്പനികളാണ് ടെൻഡറിൽ പങ്കെടുത്തതെന്നും ഏത് കമ്പനിയെയാണ് തെരഞ്ഞെടുത്തതെന്നും വ്യക്തമാക്കുമോ; | (ബി) | ആരോഗ്യ ഇൻഷ്വറൻസ് പദ്ധതിയുടെ പുതുക്കിയ Request For Proposal (RFP) 22.01.2021-ൽ പ്രസിദ്ധീകരിക്കുകയും റീ-ടെൻഡർ നടപടികളുടെ ഭാഗമായി വിവിധ ഇൻഷ്വറൻസ് കമ്പനികളിൽ നിന്നും ടെൻഡർ ക്ഷണിച്ചിട്ടുമുണ്ട്. റീ-ടെൻഡർ ക്ഷണപ്രകാരം 1. Oriental Insurance Company 2. National Insurance Company 3. New India Insurance Company 4. Reliance General Insurance Company എന്നീ കമ്പനികൾ പങ്കെടുത്ത് ബിഡുകൾ സമർപ്പിക്കുകയുണ്ടായി. റിലയൻസ് കമ്പനി ബഹു ഹൈക്കോടതി മുൻപാകെ Request For Proposal (RFP)യിലെ ഒരു പ്രത്യേക വ്യവസ്ഥക്കെതിരെ റിട്ട് പെറ്റീഷൻ ഫയൽ ചെയ്തിരുന്നുവെങ്കിലും ആയത് ബഹു ഹൈക്കോടതി നിരുപാധികം തള്ളിക്കളഞ്ഞു കൊണ്ട് ഉത്തരവായിരുന്നു. ഉത്തരവിന്റെ അടിസ്ഥാനത്തിൽ 07.04.2021-ൽ ധനകാര്യ ബിഡ് തുറന്നുവെങ്കിലും ടി വിധിക്കെതിരെ റിലയൻസ് കമ്പനി അപ്പീൽ ഫയൽ ചെയ്യുകയും ആയതിന്മേലുള്ള ഇടക്കാല ഉത്തരവ് പ്രകാരം അപ്പീലിന്മേലുള്ള അന്തിമ വിധിക്ക് വിധേയമായി മാത്രമേ ടെൻഡർ നടപടികൾ പൂർത്തീകരിക്കുവാൻ പാടുള്ളൂ എന്ന് വ്യവസ്ഥ ചെയ്തിരിക്കുന്ന സാഹചര്യത്തിൽ ധനകാര്യ ബിഡിൽ യോഗ്യത നേടിയ ഇൻഷ്വറൻസ് കമ്പനിയെ പ്രഖ്യാപിക്കുവാനോ തുടർ നടപടികൾ സ്വീകരിക്കുവാനോ കഴിഞ്ഞിട്ടില്ല. ടി അപ്പീലിനെതിരെ നിയമ നടപടികൾ സ്വീകരിച്ചു വരുന്നു. |
| (സി) | നടപടിക്രമങ്ങൾ സമയബന്ധിതമായി പൂർത്തിയാക്കി ഈ പദ്ധതി അടിയന്തരമായി നടപ്പിലാക്കുമോയെന്ന് വ്യക്തമാക്കുമോ? | (സി) | ആരോഗ്യ ഇൻഷ്വറൻസ് പദ്ധതിയുടെ പുതുക്കിയ Request For Proposal (RFP) 22.01.2021-ൽ പ്രസിദ്ധീകരിക്കുകയും റീ-ടെൻഡർ നടപടികളുടെ ഭാഗമായി വിവിധ ഇൻഷ്വറൻസ് കമ്പനികളിൽ നിന്നും ടെൻഡർ ക്ഷണിച്ചിട്ടുമുണ്ട്. റീ-ടെൻഡർ ക്ഷണപ്രകാരം 1. Oriental Insurance Company 2. National Insurance Company 3. New India Insurance Company 4. Reliance General Insurance Company എന്നീ കമ്പനികൾ പങ്കെടുത്ത് ബിഡുകൾ സമർപ്പിക്കുകയുണ്ടായി. റിലയൻസ് കമ്പനി ബഹു ഹൈക്കോടതി മുൻപാകെ Request For Proposal (RFP)യിലെ ഒരു പ്രത്യേക വ്യവസ്ഥക്കെതിരെ റിട്ട് പെറ്റീഷൻ ഫയൽ ചെയ്തിരുന്നുവെങ്കിലും ആയത് ബഹു ഹൈക്കോടതി നിരുപാധികം തള്ളിക്കളഞ്ഞു കൊണ്ട് ഉത്തരവായിരുന്നു. ഉത്തരവിന്റെ അടിസ്ഥാനത്തിൽ 07.04.2021-ൽ ധനകാര്യ ബിഡ് തുറന്നുവെങ്കിലും ടി വിധിക്കെതിരെ റിലയൻസ് കമ്പനി അപ്പീൽ ഫയൽ |

| | | | |
|---|---|---|---|
| | | | ചെയ്യുകയും ആയതിന്മേലുള്ള ഇടക്കാല ഉത്തരവ് പ്രകാരം അപ്പീലിന്മേലുള്ള അന്തിമ വിധിക്ക് വിധേയമായി മാത്രമേ ടെൻഡർ നടപടികൾ പൂർത്തീകരിക്കുവാൻ പാടുള്ളു എന്ന് വ്യവസ്ഥ ചെയ്തിരിക്കുന്ന സാഹചര്യത്തിൽ ധനകാര്യ ബിഡിൽ യോഗ്യത നേടിയ ഇൻഷുറൻസ് കമ്പനിയെ പ്രഖ്യാപിക്കുവാനോ തുടർ നടപടികൾ സ്വീകരിക്കുവാനോ കഴിഞ്ഞിട്ടില്ല. ടി അപ്പീലിനെതിരെ നിയമ നടപടികൾ സ്വീകരിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ